(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അതാത് സ്കൂളുകളിലെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/പി.ടി.എ./എസ്.എം.സി. എന്നിവ മുഖേന നടത്തുന്നു.

(ഡി) എല്ലാ ജില്ലകയിലും നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ഒരു സിവിൽ എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിലാണ്.

ചേലക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതി

15 (3736) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാനും പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഡി) മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലേക്കായി 2015-16 അദ്ധ്യയനവർഷം എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുവാൻ ആലോചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) മണ്ഡലത്തിൽ വർഷങ്ങളായി നടത്തിവരുന്ന സമഗ്ര വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെയും ഇപ്പോൾ സർക്കാർ തലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെയും ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly